പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

16..12..2014 ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.354**

പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഓരോന്നിനെ സംബന്ധിച്ചും വിശദമാക്കാമോ; | (എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് അനുവദിച്ച ഒൻപത് യൂണിറ്റുകളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദ ആരംഭിച്ച 6 യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>**1. Tool room cum Training Centre, Kozhikode - Kerala SIDCO** – ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൻെറ ബിസിനസ്സ് ശക്തിപ്പെടുത്തുന്നതിനായി ഐ.എസ്.ആർ.ഒ., ബ്രഹ്മോസ് എന്നീ സ്ഥാപനങ്ങളുമായി ഒരു റേറ്റ് കോൺട്രാക്റ്റ് സിഡ്കോ ഒപ്പുവച്ചിരുന്നു. സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങളുടെ സേവനത്തിലൂടെയും ഈ യൂണിറ്റ് വരുമാനം നേടുന്നുണ്ട്. 2011-12 ൽ 0.5 ലക്ഷം രൂപയായിരുന്ന കമ്പനിയുടെ വിറ്റുവരവ് 2014-15 നവംബർ മാസം വരെ 101.54 ലക്ഷം രൂപയായി വർദ്ധിച്ചു.<br>**2. Tool room cum Training Centre, Kuttippuram –KSEDC** - കെൽട്രോൺ ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ കുറ്റിപ്പുറത്ത് വ്യാവസായികാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങിയത് 2012സെപ്റ്റംബറിലാണ്. എൻ.ടി.ടി.എഫുമായി ചേർന്ന് ഉന്നത നിലവാരമുള്ള സാങ്കേതിക കോഴ്സുകളും അവയുടെ പരിശീലനവും അതോടൊപ്പം നിർമ്മാണവും നടത്തി വരുന്നു. ആദ്യ ടൂൾ ആൻറ് ഡൈ മേക്കിംഗ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് മികച്ച പ്ലേസ്മെൻറിനുള്ള അവസരവും |

ലഭ്യമായിട്ടുണ്ട്.

**3. House Wiring cable Unit, Kannur – TRACO** – 2012 ആഗസ്റ്റിലാണ് ഈ യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുകയും വിപണനം നടത്തുകയും ചെയ്തത്. ഈ യൂണിറ്റിന്റെ പുരോഗതി ട്രാക്കോ കേബിൾ കമ്പനിയുടെ പ്രവർത്തന പുരോഗതിക്കൊപ്പം വിലയിരുത്താറുണ്ട്. ഈ യൂണിറ്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2012 ൽ 2 കോടി രൂപയും 2013 ൽ 3.15 കോടി രൂപയും പ്രവർത്തന മൂലധനമായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

**4. Machining Unit, Shornur – SIFL** - ഈ യൂണിറ്റിൽ പൂർണ്ണതോതിലുള്ള വ്യാവസായിക ഉൽപ്പാദനം 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ടത്തിലാണ് ആരംഭിച്ചത്. പ്രാരംഭദിശയിൽ ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തനം നടത്താൻ സാധിച്ചില്ലെങ്കിലും ഈ സാമ്പത്തിക വർഷത്തോടുകൂടി പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

**5. Hi-Tech Bamboo Tile Factory, Kozhikode – KSBC** – 2011 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച ഈ യൂണിറ്റിന് ഉദ്ദേശിച്ച രീതിയിൽ ഉൽപ്പാദനം നടത്താനും വിപണി കണ്ടെത്താനും വിപണന ശൃംഖല ശക്തിപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. ബാംബൂ കോർപ്പറേഷനോടൊപ്പം ഈ യൂണിറ്റിന്റെ പ്രവർത്തനവും വിലയിരുത്തി സാമ്പത്തികസഹായം ഉൾപ്പെടെയുള്ള ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്.

**6. Container Freight Station, Ernakulam - KSIE** – 2013 മെയ് മാസത്തിൽ വ്യാവസായിക പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തികവർഷം 7588 കണ്ടെയ്നേഴ്സ് കൈകാര്യം ചെയ്ത് 216.58 ലക്ഷം രൂപ വിറ്റുവരവ് നേടുകയും 0.79 ലക്ഷം

രൂപയുടെ പ്രവർത്തന ലാഭം നേടുകയും ചെയ്തു. ആലപ്പുഴയിലെകോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കണ്ണൂർ പിണറായിലെ ഹൈടെക് വീവിംഗ് മിൽ കാസറഗോഡ് ഉദുമ ... ടെക്സ്റ്റയിൽ മിൽ, എന്നീ മൂന്നു സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അവഗണന ഈ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇല്ല. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാർ വരുത്തുന്ന വീഴ്ചകൾ ഈ ഒൻപത് സ്ഥാപനങ്ങളടക്കം തകർച്ച നേരിടുന്നതിന് കാരണമാകുമെന്ന ആക്ഷേപത്തോട് നിലപാട് വ്യക്തമാക്കുമോ;

(ബി) & (സി) പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി അവയുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും, വിപണനരംഗം ശക്തിപ്പെടുത്തിയും ആവശ്യമായ ധനസഹായം നൽകിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു.

Manu

സെക്ഷൻ ഓഫീസർ